**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 510** **08-10-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജനറൽ ആശുപത്രിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി പണം അനുവദിച്ച തൃശ്ശൂർ ജനറൽ ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | 10-03-2022-ലെ സ.ഉ (സാധാ) നം.535/2022/ ആ.കു.വ നമ്പർ ഭരണാനുമതി ഉത്തരവു പ്രകാരം തൃശ്ശൂർ ജനറൽ ആശുപത്രിയിലെ ഒ.പി, കാഷ്വാലിറ്റി, ഡയഗ്നോസ്റ്റിക് സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ HITES 118 കോടി രൂപ എസ്റ്റിമേറ്റുള്ള വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും തദനുസരണമുള്ള പുതുക്കിയ ശിപാർശ കിഫ്ബിയിൽ സമർപ്പിക്കുന്നതിന് 08-08-2024-ൽ എസ്.പി.വി-യ്ക്ക് ഫയൽ മടക്കിയിട്ടുള്ളതുമാണ്. ടി ശിപാർശ കിഫ്ബിയിൽ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് തൃപ്തികരമാകുന്ന മുറയ്ക്ക് തുടർന്നു വരുന്ന കിഫ്ബിയുടെ ബോർഡ് മീറ്റിംഗിനു മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയ ശേഷം ധനാനുമതി നൽകാവുന്നതും ധനാനുമതി ഉത്തരവു ലഭ്യമാകുന്ന മുറയ്ക്ക്, പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് ടെൻഡർ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ